# കാർഷിക സർവകലാശാലാ സിൻഡിക്കേറ്റിലേക്ക് 6 പേരെ തെരഞ്ഞെടുത്തു

Deshabhimani 04.02.18

തൃശൂർ > കാർഷിക സർവകലാശാലാ സിൻഡിക്കേറ്റിലേക്ക് ആറു പേരെ തെരഞ്ഞെടുത്തു. കെ വി വിജയദാസ് എംഎൽഎ, സി ജയലാൽ എംഎൽഎ, ഡോ. എ അനിൽകുമാർ, ഡോ. ടി പ്രദീപ്കുമാർ, ഡോ. കെ അരവിന്ദാക്ഷൻ, അനിത രാധാകൃഷ്ണൻ എന്നിവരെയാണ് തെരഞ്ഞെടുത്തത്. അധ്യാപക പ്രതിനിധിയായി മത്സരിച്ച ഡോ. തോമസ് ജോർജിനെ മൂന്നിനെതിരെ 21 വോട്ടുകൾക്ക് പരാജയപ്പെടുത്തിയാണ് ഡോ. എ അനിൽകുമാർ വിജയിച്ചത്. മറ്റുള്ളവർ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. കെ രാജൻ എംഎൽഎ, കാർഷികോൽപ്പാദനകമീഷണർ ടിക്കാറാം മീണ, ധനകാര്യസെക്രട്ടറി മിൻഹാജ്അലാം, ഐസിഎആർ പ്രതിനിധി ഡോ. സി എൻ രവിശങ്കർ എന്നിവരാണ് ഭരണ സമിതിയിലെ ഔദ്യോഗികാംഗങ്ങൾ.തിരുവനന്തപുരം തൈക്കാട് സർക്കാർ അതിഥി മന്ദിരത്തിൽ നടന്ന പ്രത്യേക ജനറൽകൗൺസിൽ യോഗത്തിലാണ് തെരഞ്ഞെടുപ്പ് നടന്നത്. . വൈസ് ചാൻസലർ ഡോ. ആർ ചന്ദ്രബാബു അധ്യക്ഷനായി. കെ. കൃഷ്ണൻകുട്ടി അധ്യക്ഷനായ അഷ്വറൻസ്കമ്മിറ്റി, ഡോ. എസ് എസ്റ്റലിറ്റ അധ്യക്ഷയായ അക്കൗണ്ട്സ് കമ്മിറ്റി, അഡ്വ. കെ ആർ രജിത് അധ്യക്ഷനായ സ്റ്റാറ്റ്യൂട്ട്കമ്മിറ്റി എന്നിവ ഏകകണ്ഠമായി അംഗീകരിച്ചു. ബജറ്റ് യോഗം മാർച്ച് 24ന് നടക്കുമെന്ന് വൈസ്ചാൻസലർ അറിയിച്ചു.